## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 343** **08.02.2016-ന് മറുപടിക്ക്**

# അനാവശ്യ ശബ്ദശല്യം മൂലമുള്ള പാരിസ്ഥിതിക ആരോഗ്യപ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. പി.കെ. ബഷീർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ,<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) അനാവശ്യ ശബ്ദശല്യം ഉയർത്തുന്ന പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് പരിസ്ഥിതി വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ സംസ്ഥാനത്ത് ഒഴിവാക്കാവുന്ന ശബ്ദശല്യങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; | (എ) ഇല്ല |
| (ബി) പ്രസ്തുത ശബ്ദശല്യങ്ങൾ ഒഴിവാക്കുന്ന കാര്യത്തിൽ പരിസ്ഥിതി വകുപ്പിന്റെ പങ്കാളിത്തം വിശദമാക്കുമോ ; | (ബി) ശബ്ദമലിനീകരണ നിയന്ത്രണ ചട്ടങ്ങൾ കർശനമായി പാലിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ 28.4.2015-ലെ സ.ഉ.(അച്ചടി) നമ്പർ.06/2015/പരി. നമ്പരായി, പരിസ്ഥിതി വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുറപ്പെടുവിക്കപ്പെടുന്ന ശബ്ദത്തിന്റെ തീവ്രത അനുവദീയ പരിധിക്കുള്ളിലാണോ എന്ന് പരിശോധിക്കാനുള്ള ചുമതല പരിസ്ഥിതി വകുപ്പിന്റെ കീഴിൽ വരുന്ന സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനാണുള്ളത്. വാഹനങ്ങൾ മൂലമുള്ള ശബ്ദമലിനീകരണം നിയന്ത്രിക്കാനുള്ള ചുമതല വാഹന വകുപ്പിനും ഉച്ചഭാഷിണിമൂലമുള്ള ശബ്ദശല്യം നിയന്ത്രിക്കുന്നതിനുള്ള ചുമതല പോലീസ് വകുപ്പിനുമാണ്. |
| (സി) വി.ഐ.പി. വാഹനങ്ങളിൽ നിന്നുൾപ്പെടെയുള്ള ശബ്ദശല്യം നിയന്ത്രിക്കുന്ന കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങൾ സ്വീകരിക്കുന്ന നടപടികളെക്കുറിച്ചുകൂടി പരിശോധിച്ച് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ ? | (സി) വി.ഐ.പി. വാഹനങ്ങൾ ഉൾപ്പെടെ എല്ലാത്തരം വാഹനങ്ങളിൽ നിന്നുമുള്ള ശബ്ദശല്യം നിയന്ത്രിക്കുന്നതിനായി 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങൾ പ്രകാരം, സംസ്ഥാനത്ത് വാഹന വകുപ്പ് നടപടി സ്വീകരിച്ചുവരുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങൾ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിവരങ്ങൾ ലഭ്യമല്ല. |

**സെക്ഷൻ ഓഫീസർ**